# തിരുവനന്തപുരം ജില്ലാ വികസന സമിതി

# രണ്ടായിരത്തി പതിനാറ് ഫെബ്രുവരി മാസത്തെ യോഗം – നടപടിക്കുറിപ്പ്

**തീയതി. 27.02.2016**

**സ്ഥലം. തിരുവനന്തപുരം കളക്ടറേറ്റ് കോൺഫറൻസ് ഹാൾ**

തിരുവനന്തപുരം ജില്ലാ വികസന സമിതി ഫെബ്രുവരി മാസത്തെ യോഗം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ രാവിലെ 11.00 ന് ചെയർമാൻ ജില്ലാ കളക്ടർ ശ്രീ.ബിജു പ്രഭാകർ ഐ.എ.എസ് ന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. 2015–16 പദ്ധതി കാലത്തെ അവസാന വികസന സമിതി യോഗം ആയതിനാൽ പദ്ധതി നിർവ്വഹണ പുരോഗതിക്ക് നേതൃത്വം നൽകിയ ജില്ലാതല ഉദ്യോഗസ്ഥരെ അദ്ധ്യക്ഷൻ അഭിനന്ദിച്ചു. ജില്ലയുടെ വികസന മുന്നേറ്റങ്ങൾക്ക് പ്രചോദനം നൽകിയ ബഹുമാനപ്പെട്ട ജനപ്രതിനിധികൾക്ക് ആദരവുകൾ അറിയിച്ചു. വികസന സമിതിയുടെ മെമ്പർ സെക്രട്ടറി ജില്ലാ പ്ലാനിംഗ് ആഫീസറുടെ ചുമതലയുള്ള ശ്രീമതി.പ്രീത.കെ.എസ് ജനപ്രതിനിധികളെയും ജില്ലാതല ഉദ്യോഗസ്ഥരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. ബഹു. എം.എൽ.എ. ശ്രീമതി ജമീലാ പ്രകാശം, ബഹു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ.പാലോട് രവിയുടെ പ്രതിനിധി അഡ്വ. തേക്കട അനിൽ കുമാർ, ബഹു. ലോക്സഭാംഗം ശ്രീ. എ.സമ്പത്ത് എം. പി യുടെ പ്രതിനിധി ശ്രീ. ജാഹിർ ഹുസൈൻ, ബഹു. ലോക്സഭാംഗം ശ്രീ. ശശിതരൂരിന്റെ പ്രതിനിധി ശ്രീ.എ.ഷിബു, ബഹു. എം.എൽ.എ.ശ്രീ.കെ.മുരളീധരന്റെ പ്രതിനിധി അഡ്വ.ജപലാലൻ ഒളിവർ, ബഹു. എം.എൽ.എ ശ്രീ.ബി. സത്യന്റെ പ്രതിനിധി എസ്. ആർ.രാജീവ്, ഡെപ്യൂട്ടി കളക്ടർ (ജനറൽ) ശ്രീ. റ്റി.ആർ.ആസാദ് എന്നിവരും ജില്ലാതല ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു. പങ്കെടുത്ത ജില്ലാതല ഉദ്യോഗസ്ഥരുടെ പേരു വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ജില്ലാ വികസന സമിതി യോഗം താഴെ പറയുന്ന അജണ്ടകൾ അംഗീകരിച്ച് ചർച്ച ചെയ്തു.

## 1. സുതാര്യ കേരളം അവലോകനം

മുഖ്യമന്ത്രിയുടെ സുതാര്യകേരളം പരിപാടിയുടെ അവലോകനം നടത്തി. സുതാര്യകേരളം പരിപാടി വഴി സമർപ്പിച്ച പരാതികളിന്മേൽ തുടർ നടപടികൾ പൂർത്തിയാക്കാനുള്ള ജില്ലാതല ഉദ്യോഗസ്ഥരും സുതാര്യകേരളം ജില്ലാതല സെല്ലിന് നേരിട്ട് നൽകിയ പരാതികളിൽ പരിഹാരം സ്വീകരിച്ച് അടിയന്തിര റിപ്പോർട്ട് സമർപ്പിക്കേണ്ട ജില്ലാതല ഉദ്യോഗസ്ഥരും പരാതികൾ പരിഹരിച്ച് അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കണമെന്ന് അദ്ധ്യക്ഷൻ ആവശ്യപ്പെട്ടു.

## 2. പദ്ധതി പുരോഗതി അവലോകനം

2016 ജനുവരി 31 വരെ വിവിധ വകുപ്പുകൾ നടപ്പിലാക്കിയ വികസന പദ്ധതികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെയും അവലോകനം യോഗത്തിൽ അവതരിപ്പിച്ചു. പ്ലാൻ സ്പേസ് സോഫ്റ്റ് വെയറിന്റെ സഹായത്താലാണ് പദ്ധതി പുരോഗതി അവലോകനം ചെയ്തത്. നിലവിൽ എക്സി.എഞ്ചിനീയർ കെ.ഡബ്ല്യൂ.എ, പാറ്റൂർ തിരുവനന്തപുരം, ജില്ലാ പ്രോജക്ട് ഓഫീസർ, എസ്.എസ്.എ, എക്സി.എഞ്ചിനീയർ കെ.ഡബ്ല്യൂ.എ, നെയ്യാറ്റിൻകര, പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി, തിരുവനന്തപുരം എന്നീ 4 ജില്ലാതല ഉദ്യോഗസ്ഥർ 2016 ജനുവരി മാസത്തെ പ്ലാൻ പ്രോഗ്രസ് പ്ലാൻ സ്പെസിൽ രേഖപ്പെടുത്തിയിട്ടില്ലായെന്നും ആയതിനാൽ പദ്ധതി പുരോഗതി വിവരങ്ങൾ അടിയന്തിരമായി പ്ലാൻ സ്പേസ് സോഫ്റ്റ് വെയറിൽ അപ്‌ലോഡ് ചെയ്യുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്നും ഇത് സംബന്ധിച്ചുള്ള സംശയ നിവാരണങ്ങൾക്ക് ജില്ലാ പ്ലാനിംഗ് ഓഫീസിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക്കിലേക്ക് 9567367460 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണെന്നും അദ്ധ്യക്ഷൻ അറിയിച്ചു. അതോടൊപ്പം സോഫ്റ്റ്‌വെയറിൽ allocation രേഖപ്പെടുത്തുമ്പോൾ അധികമായി ലഭ്യമാകുന്ന തുക കൂടി രേഖപ്പെടുത്തുന്നതിനുള്ള അവസരം ജില്ലാതല ഉദ്യോഗസ്ഥർക്ക് നൽകണമെന്ന് അദ്ധ്യക്ഷൻ അഭിപ്രായപ്പെട്ടു.

## 3. മുൻ യോഗ നടപടികളുടെ അംഗീകാരം നൽകൽ.

30.01.2016 ജനുവരി മാസത്തെ വികസന സമിതിയുടെ നടപടിക്കുറിപ്പ് യോഗം അംഗീകരിച്ചു.

## 27.02.2016 – ലെ ജില്ലാ വികസന സമിതി യോഗത്തിൽ അവതരിപ്പിച്ച വിഷയങ്ങൾ

**ബഹു. എം.എൽ.എ.ശ്രീമതി ജമീലാ പ്രകാശം ഉന്നയിച്ച വിഷയങ്ങൾ**

1. വെള്ളായണി കായലിന്റെ തീരപ്രദേശത്ത് ചേർന്ന് വെള്ളം കയറിക്കിടക്കുന്ന പട്ടയഭൂമി പൊന്നും വിലയ്ക്കെടുത്ത് സർക്കാർ ഭൂമിയാക്കി മാറ്റി കായലിനോട് ചേർത്ത് സംരക്ഷിക്കുന്നതിന് എല്ലാവർക്കും സ്വീകാര്യമായ ഒരു വില നൽകുന്നതിന് നെഗോസിയേഷൻ അടിസ്ഥാനത്തിൽ കരമടവ് ഉള്ള വ്യക്തികൾക്ക് വില നൽകി ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ആവശ്യം. ആയതിന്റെ വാല്യൂവേഷൻ റിപ്പോർട്ട് ഉടനടി ലഭ്യമാക്കണമെന്ന് ആവശ്യം. **(നടപടി. തഹസിൽദാർ, തിരുവനന്തപുരം)**

2. വിഴിഞ്ഞം തുറമുഖത്തിന്റെ ശിലാസ്ഥാപനം 05.12.2015 ന് നടന്നു. തൊഴിലാളികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് 18,000 അപ്പീലുകൾക്ക് തീർപ്പ് കല്പിക്കുവാൻ ഉണ്ട്. തുറമുഖ കമ്പനി മാനദണ്ഡവിരുദ്ധമായി ചില പുനരധിവാസ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് ശ്രമിക്കുന്നുണ്ട്. പ്രസ്തുത പ്രദേശത്തെ കോർപ്പറേഷൻ കൗൺസിലർ ഗുണഭോക്താക്കളുടെ ലിസ്റ്റ് വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ ജനപ്രതിനിധികൾ ഇടപെടുകയാണെങ്കിൽ എം.എൽ.എ ഉൾപ്പെടെയുള്ള ജനപ്രതിനിധികളെ ഈ വിഷയം അറിയിക്കണമെന്ന ആവശ്യം. **(നടപടി. ഡെ.കളക്ടർ (ജനറൽ), പോർട്ട് ഓഫീസർ വിഴിഞ്ഞം)**

3. പൂവാർ സി.എച്ച്.സി യിൽ എൻ.ആർ.എച്ച്.എം ജില്ലാ ഓഫീസിൽ നിന്നും എലിസാ ലാബ് ടെസ്റ്റ് മിഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം. കൂടാതെ പൂവാർ സി.എച്ച്.സി യിൽ സിവിൽ സർജൻ തസ്തികയിൽ 5 വർഷമായി ജോലി നോക്കി വരുന്ന ഡോ. എ.എസ്സ്. അച്ചാമ്മ ജോലിക്ക് ഹാജരാകുന്നുണ്ടെങ്കിലും രോഗികളെ പരിശോധിക്കാത്ത കാരണം സംബന്ധിച്ച അന്വേഷണം ഊർജ്ജിതമാക്കണമെന്നും ടിയാളെ സ്ഥലം മാറ്റി പകരം സിവിൽ സർജനെ നിയമിക്കണമെന്ന ആവശ്യം. പ്രസ്തുത വിഷയത്തിൽ ജില്ലാമെഡിക്കൽ ഓഫീസർ നൽകിയ മറുപടിയിൽ ബഹു. എം.എൽ.എ കടുത്ത അതൃപ്തി അറിയിച്ചു. **(നടപടി.ജില്ലാ മെഡിക്കൽ ഓഫീസർ, ഹെൽത്ത്)**

4. ബാലരാമപുരം ജംഗ്ഷൻ മുതൽ തയ്ക്കാപള്ളി വരെ 500 മീ. ജലവിതരണത്തിനുള്ള പ്രധാനപ്പെട്ട ഡിസ്ട്രിബ്യൂഷൻ ലൈൻ ഇടുന്നതിന് ദേശീയ പാത 47ൽ ബാലരാമപുരം – വഴിമുക്ക് റോഡ് മുറിയ്ക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക അടയ്ക്കാതെ തന്നെ പെപ്പ് ലൈൻ സ്ഥാപിക്കാനും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക ഒടുക്കുവാനും റോഡ് മുറിച്ച് പെപ്പ് ലൈൻ സ്ഥാപിച്ചതിന് ശേഷം മുറിച്ച ഭാഗം കോൺക്രീറ്റ് ചെയ്യുന്നതിനും ജില്ലാകളക്ടർ നിർദ്ദേശിച്ചിരുന്നു. ബഹു. എം.എൽ.എ യുമായി കൂടിയാലോചിച്ച് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് ഇ.ഇ പ്രോജക്ട് ഡിവിഷൻ തിരുവനന്തപുരം അറിയിച്ചു. എന്നാൽ എം.എൽ.എ യുമായി നാളിതുവരെ കൂടിയാലോചന നടത്തിയിട്ടില്ലായെന്ന ആക്ഷേപം. **(നടപടി. ഇ.ഇ പ്രോജക്ട് ഡിവിഷൻ തിരുവനന്തപുരം)**

5. കരുംകുളം പഞ്ചായത്തിലെ 301 പേർക്ക് പട്ടയം അനുവദിക്കുന്നതിനായി സ്ഥലപരിശോധന നടത്തി ശിപാർശ അടിയന്തിരമായി സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തണമെന്ന ആവശ്യം. **(നടപടി. ഡെ.കളക്ടർ (എൽ.ആർ))**

6. പൂവാർ പഞ്ചായത്തിലെ നടുത്തുറ പുരയിടം, വരവിളത്തോപ്പ്, ചന്തവിള തുടങ്ങിയ സ്ഥലങ്ങളിൽ താമസിക്കുന്ന 16 പേർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള ശിപാർശ അടിയന്തിരമായി സർക്കാരിലേക്ക് സമർപ്പിക്കണമെന്ന ആവശ്യം. പതിവ് ശിപാർശ പരിശോധിച്ചതിൽ 2 കക്ഷികൾ അനർഹരാണെന്ന് കണ്ടെത്തി അവരെ ഒഴിവാക്കി ബാക്കി 14 പേർക്കുള്ള അപേക്ഷ അടിയന്തിരമായി സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം. **(നടപടി. ഡെ.കളക്ടർ (എൽ.ആർ))**

7. പൂവാർ പഞ്ചായത്തിലെ അൺസർവ്വേഡ് ലാന്റിൽ താമസിക്കുന്ന 24 പേർക്ക് പട്ടയം സ്വീകരിച്ച തുടർ നടപടി ലഭ്യമാക്കണമെന്ന ആവശ്യം. സർവ്വെ നടപടികൾ ആരംഭിക്കുന്നതിന് സർക്കാരിൽ നിന്നും ശിപാർശ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്നതിന് തുടർനടപടികൾ സ്വീകരിക്കണമെന്ന ആവശ്യം. **(നടപടി. ഡെ.കളക്ടർ (എൽ.ആർ), ജില്ലാസർവ്വെ സൂപ്രണ്ട്)**

8. കോവളം ലൈറ്റ്ഹൗസ് ബീച്ചിൽ നിന്നും ഒഴിപ്പിക്കപ്പെട്ട 9 പേർക്ക് ബ്ലോക്ക് 14, റീസർവ്വെ 11/30 പ്പെട്ട 75.829 സെന്റിൽ നിന്നും 3 സെന്റ് വീതം നൽകുന്നതിന് അനുമതി നൽകി കൊണ്ട് ജില്ലാകളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. (ബി 6 56932/2004 തീയതി 16.09.2009) ആയതിൻമേൽ 7(1) നോട്ടീസ് നൽകുകയും ചെയ്തിരുന്നു. സ്വീകരിച്ച നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി റിപ്പോർട്ട് ചെയ്യണമെന്ന ആവശ്യം. **(നടപടി. ഡെ.കളക്ടർ (എൽ.ആർ))**

9. പീച്ചോട്ട്കോണത്തിൽ നിന്ന് കുടിയൊഴിക്കപ്പെട്ടവർക്ക് പട്ടയം എന്ന് നൽകാൻ കഴിയുമെന്ന് അറിയിക്കണമെന്ന ആവശ്യം. അസ്സൽ പട്ടയം റദ്ദ് ചെയ്യുന്നതിന് ജില്ലാ കളക്ടർ ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ കക്ഷികളെ നേരിൽ കേട്ടതിനുശേഷം മാത്രമേ പട്ടയം റദ്ദ് ചെയ്യാൻ സാധിക്കുകയുള്ളു. മാത്രമല്ല വ്യക്തിഗത സ്കെച്ച് തയ്യാറാക്കി നൽകിയിട്ടുള്ളതിൽ എലുക രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയത് ലഭ്യമാക്കുവാൻ നെയ്യാറ്റിൻകര തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്പോഴത്തെ സ്ഥിതി റിപ്പോർട്ട് ചെയ്യണമെന്ന ആവശ്യം. **(നടപടി. ഡെ.കളക്ടർ (എൽ.ആർ), നെയ്യാറ്റിൻകര തഹസിൽദാർ)**

10. പൂജപ്പുര വാട്ടർ അതോറിറ്റി സെക്ഷൻ വരുന്ന ശാന്തിവിള പ്രദേശത്തും (കുറുവാണി ചന്തക്ക് സമീപം), കാഞ്ഞിരംകുളം വാട്ടർ അതോറിറ്റി സെക്ഷൻ വരുന്ന വിഴിഞ്ഞം കടക്കുളം പ്രദേശത്തും, തിരുവല്ലം വാട്ടർ അതോറിറ്റി സെക്ഷൻ വരുന്ന ആനക്കുഴി പൂങ്കുളം പ്രദേശങ്ങളിലും കുടിവെള്ളം ലഭ്യമാകുന്നില്ല. ശുദ്ധജലം ലഭ്യമാക്കുന്നതിന് നടപടി ലഭ്യമാക്കണമെന്ന ആവശ്യം. ശാന്തിവിള ഭാഗത്തെ കുടിവെള്ള ക്ഷാമം പരിഹരിച്ചിട്ടുണ്ടെന്നും വെള്ളായണി കായലിലെ പുതിയ ശുദ്ധീകരണ ശാല പൂർത്തീകരിക്കുന്നതോടെ ആനക്കുഴി, പൂങ്കുളം ഭാഗത്തെ പ്രശ്നം പരിഹരിക്കപ്പെടുമെന്നും എക്സി.എഞ്ചിനീയർ പ്രോജക്ട് ഡിവിഷൻ, തിരുവനന്തപുരം അറിയിച്ചു. **(നടപടി. ഇ.ഇ കേരള വാട്ടർ അതോറിറ്റി, പ്രോജക്ട് ഡിവിഷൻ, തിരുവനന്തപുരം)**

11. കൃഷി വകുപ്പിന്റെ പദ്ധതി പുരോഗതി വളരെ ശോചനീയമാണെന്നും വർഷങ്ങളായി കൃഷി നാശം സംഭവിച്ച കർഷകർക്ക് നാളിതുവരെ നഷ്ടപരിഹാരം നൽകിയിട്ടില്ലായെന്നും ഇത് അപലപനീയമാണെന്നുമുള്ള അഭിപ്രായം. **(നടപടി. പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ)**

12. വിഴിഞ്ഞം–പൂവ്വാർ, കൊച്ചുപള്ളി – പൂവ്വാർ റോഡിന് സമീപമുള്ള ഓടയിലെ മണ്ണ് അടിയന്തിരമായി നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം **(നടപടി. എക്സി.എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി റോഡ്സ്)**

ഒരു ജനപ്രതിനിധി എന്ന നിലയിൽ മണ്ഡലത്തിലെ വിവിധ പ്രശ്നങ്ങൾക്ക് ജില്ലാ വികസന സമിതി വഴി പരിഹാരം കാണുന്നതിന് അശ്രാന്തമായി ശ്രമിച്ചിട്ടുണ്ടെന്നും ഇതിനായി അദ്ധ്യക്ഷ്യനും ജില്ലാതല ഉദ്യോഗസ്ഥരും നൽകിയ പിന്തുണ നന്ദിയോടെ സ്മരിക്കുമെന്നും ബഹു. എം.എൽ.എ അറിയിച്ചു.

**ബഹു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ.പാലോട് രവിയുടെ പ്രതിനിധി അഡ്വ. തേക്കട അനിൽ കുമാർ ഉന്നയിച്ച വിഷയങ്ങൾ**

13. മൈനിംഗ് & ജിയോളജി ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതിയോടെ നെടുമങ്ങാട് താലൂക്കിൽ വെമ്പായം വില്ലേജിൽ വലിയ തോതിലുള്ള മണ്ണെടുപ്പ് നടക്കുന്നതായും അതുമൂലം പാരിസ്ഥിതികമായ പല പ്രശ്നങ്ങളും പ്രകൃതി ദുരന്തങ്ങളും ഉണ്ടാകാൻ ഇടയാകുമെന്നും അനധികൃതമായ താഴെ പറയുന്ന അനുമതി ഉത്തരവുകൾ റദ്ദ് ചെയ്യുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും നടപടി ഉണ്ടാകണമെന്ന ആവശ്യം **(നടപടി. ഡെ.കളക്ടർ (എൽ.ആർ), ഡെപ്യൂട്ടി ഡയറക്ടർ, മൈനിംഗ് & ജിയോളജി)**

| ക്രമ നം | അനുമതി തേടിയ വ്യക്തിയുടെ പേര് | സർവ്വെ നമ്പർ | ഉത്തരവ് നമ്പറും തീയതിയും |
|---|---|---|---|
| 1 | ബിജു.എം.ഡി പ്രജു നിവാസ് വട്ടപ്പാറ | വട്ടപ്പാറ വില്ലേജ് 3676/6-275/15-1 | 12.02.2016 541 /881/ഡി.ഒ.റ്റി/ഇ.എം/2015 |
| 2 | നസീജ വാരിക്കുഴി, അണ്ടൂർക്കോണം | വെമ്പായം,223/21 | 10.07.2015 160/1381/ഡി.ഒ.റ്റി/ഇ.എം/2015 |
| 3 | മുരളീധരൻ, വിളയിൽ, ഊതിരപ്പെട്ടി, | വെമ്പായം,188/14-1 | 28.05.2015 75 /1032/ഡി.ഒ.റ്റി/ഇ.എം/2015 |
| 4 | നുസൈഫാബീവി, റോഡരികിൽ, കടുവാക്കുഴി | വെമ്പായം,248/7 | 05.11.2014 795/2334/ഡി.ഒ.റ്റി/ഇ.എം/2015 |
| 5 | നജീം, കൈതറക്കോണം, കന്യാകുളങ്ങര | വെമ്പായം532/4-1 | 24.02.2016 577/703/ഡി.ഒ.റ്റി/ഇ.എം/2015 |
| 6 | പി.ജി.അശോകൻ, കോവിൽവിളാകം,പേരുംക്കുഴി | വെമ്പായം,163/21 | 12.11.2014 202/1348/ഡി.ഒ.റ്റി/ഇ.എം/2015 |
| 7 | ആശ.ജി.എസ്.നായർ,എസ്.എം.റ്റി ഹൗസ്,മൊട്ടമൂട് | വെമ്പായം,231/18 | 18.12.2014 54/1372/ഡി.ഒ.റ്റി/ഇ.എം/2015 |
| 8 | സുന്ദരേശൻ നായർ, റോഡരികത്ത്, കടുവക്കുഴി | വെമ്പായം,221/8 | 14.05.2015 795/2334/ഡി.ഒ.റ്റി/ഇ.എം/2015 |
| 9 | രാജി.ബി,.ശ്രീരാഗം ഉള്ളൂർക്കോണം | വെമ്പായം, 523/7-2,523/11-8 | 19.05.2015 64/1416/ഡി.ഒ.റ്റി/ഇ.എം/2015 |
| 10 | റോഷ്നി.ജി.മാത്യു, മുളമൂട്ടിൽ പടിപ്പുരയ്ക്കൽ | വെമ്പായം,21/2-2 | 3.07.2015 141/1772/ഡി.ഒ.റ്റി/ഇ.എം/2015 |
| 11 | മുസൈഫാ ബീവി, കുന്നുംപുറത്ത് വീട്, നന്നാട്ടുകാവ് | വെമ്പായം,330/4-1 | 7.08.2015 212/2014/ഡി.ഒ.റ്റി/ഇ.എം/2015 |

| | | | |
|---|---|---|---|
| 12 | രജനി.ജി.ജിൽജൽ,<br>ഇടുക്കുംതല, കൊഞ്ചിറ | വെമ്പായം,209/31 | 18.09.2015<br>267/2765/ഡി.ഒ.റ്റി/ഇ.എം/2015 |
| 13 | സൗമ്യ, സൗമ്യ ഭവൻ,<br>അരശുംമൂട് | വെമ്പായം,116/4-1 | 25.09.2015<br>284/2739ഡി.ഒ.റ്റി/ഇ.എം/2015 |
| 14 | മുഹമ്മദ് ഷാഫി, തെക്കേക്കര,<br>വളയൂർക്കോണം | വെമ്പായം,251/21 | 30.09.2015<br>295/921/ഡി.ഒ.റ്റി/ഇ.എം/2015 |
| 15 | വിജയകുമാരി, വൈഷ്ണവം,<br>കൊഞ്ചിറ | വെമ്പായം,163/5 | 9.10.2015<br>308/3003/ഡി.ഒ.റ്റി/ഇ.എം/2015 |
| 16 | മുഹമ്മദ് ഹനീഫ, കുന്നുംപുറത്ത് വീട്, വേറ്റിനാട്, വട്ടപ്പാറ | വെമ്പായം,260/14 | 6.11.2015<br>343/3050/ഡി.ഒ.റ്റി/ഇ.എം/2015 |
| 17 | ഷീജ, തേക്കട ഹൗസ്,<br>വെമ്പായം | വെമ്പായം,284/4 | 18.12.2015<br>415/30/ഡി.ഒ.റ്റി/ഇ.എം/2015 |
| 18 | ഷീജ, തേക്കട ഹൗസ്,<br>വെമ്പായം | വെമ്പായം,284/4 | 21.01.2016<br>415/30/ഡി.ഒ.റ്റി/ഇ.എം/2015 |
| 19 | മുസൈഫാ ബീവി,<br>കുന്നുംപുറത്ത് വീട്,<br>നന്നാട്ടുകാവ് | വെമ്പായം,330/4-1 | 1.02.2016<br>212/2014/ഡി.ഒ.റ്റി/ഇ.എം/2015 |
| 20 | പ്രേംജിത്ത് ലാൽ, പ്രേംജിത്ത് നിവാസ്, കുന്നത്തുകോണം | വെമ്പായം,376/78 | 1.01.2016<br>438/2416/ഡി.ഒ.റ്റി/ഇ.എം/2015 |

**ബഹു. ലോക്സഭാംഗം ശ്രീ. എ.സമ്പത്ത് എം. പി യുടെ പ്രതിനിധി ശ്രീ. ജാഹിർ ഹുസൈൻ ഉന്നയിച്ച വിഷയങ്ങൾ**

14. ജില്ലാവികസന സമിതി യോഗങ്ങളുടെ നിർദ്ദേശങ്ങളും സ്വീകരിച്ച നടപടിക്കുറിപ്പും വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം. **(നടപടി. ജില്ലാ പ്ലാനിംഗ് ഓഫീസർ, എൻ.ഐ.സി ഓഫീസർ കളക്ടറേറ്റ്)**
15. വട്ടപ്പാറ- നെടുമങ്ങാട് റോഡ് നിർമ്മാണം മഴക്കാലം ആരംഭിക്കുന്നതിനു മുമ്പ് പൂർത്തിയാക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണമെന്ന ആവശ്യം. **(നടപടി. ഇ.ഇ. പി.ഡബ്ല്യൂ.ഡി റോഡ്സ്)**
16. പോത്തൻകോടിനും കോലിയക്കോടിനും ഇടയ്ക്ക് ലക്ഷ്മിപുരം റോഡ് തിരിയുന്നിടത്ത് നിരവധി അപകടങ്ങൾ നിരന്തരം ഉണ്ടാകുന്നു. സ്പീഡ് ബ്രേക്കർ സ്ഥാപിച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം. **(നടപടി. ഇ.ഇ. കെ.എസ്.റ്റി.പി)**
17. നിരന്തരമായി അപകടങ്ങളും മരണങ്ങളും ഉണ്ടാകുന്ന കരമന-കളിയിക്കാവിള ദേശീയപാതയിൽ സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുവാനും സ്പീഡ് ഗവേണറുകളും ബ്രേക്കറുകളും അടിയന്തിരമായി സ്ഥാപിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണം. **(നടപടി. ഇ.ഇ. പി.ഡബ്ല്യൂ.ഡി എൻ.എച്ച്, സിറ്റി പോലീസ് കമ്മീഷണർ)**
18. കാളിപ്പാറ ശുദ്ധജല പദ്ധതി വാട്ടർ ടാങ്കിന് സമീപം വില്ലിടുമ്പാറ ഭാഗത്ത് ചീലാന്തിപ്പാറയിൽ ഉണ്ടായ വിള്ളൽ കൂടുതൽ ശാസ്ത്രീയ പഠനങ്ങൾക്ക് വിധേയമാക്കി ജനങ്ങളുടെ ഭീതി അകറ്റുവാൻ നടപടി സ്വീകരിക്കണമെന്നും റവന്യൂ അധികാരികൾ ഉൾപ്പെടെ ബന്ധപ്പെട്ട വകുപ്പിന്റെ നേതൃത്വത്തിൽ സ്ഥലം സന്ദർശിക്കുന്നതിനുള്ള തീയതി നിശ്ചയിക്കണമെന്നും ആവശ്യം **(നടപടി. ഡെ.കളക്ടർ (ജനറൽ ), ഡെപ്യൂട്ടി ഡയറക്ടർ, മൈനിംഗ് & ജിയോളജി)**
19. പുതിയ അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് ജില്ലയിലെ എല്ലാ വിദ്യാലയങ്ങളുടെയും ശൗചാലയങ്ങൾ അറ്റകുറ്റപണികൾ നടത്തി ശുചിത്വമുള്ളവയാക്കി തീർക്കാൻ മുന്നൊരുക്കങ്ങൾ നടത്തണമെന്ന ആവശ്യം. **(നടപടി. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം)**

**ബഹു. ലോക്സഭാംഗം ശ്രീ. ശശിതരൂരിന്റെ പ്രതിനിധി ശ്രീ.എ.ഷിബു ഉന്നയിച്ച വിഷയങ്ങൾ**

20. കളളിക്കാട് ഒരു ദേശസാത്കൃത ബാങ്കിന്റെ ശാഖ തുടങ്ങണം എന്ന ദീർഘകാലത്തെ ആവശ്യം. ഈ സാമ്പത്തിക വർഷം തന്നെ ശാഖ ആരംഭിക്കുമെന്ന് ലീഡ് ബാങ്ക് പ്രതിനിധി കഴിഞ്ഞ ഡി.ഡി.സി കളിൽ പറഞ്ഞിരുന്നെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ല ദേശസാത്കൃത ബാങ്കിന്റെ ശാഖ ഉടനടി ആരംഭിക്കണമെന്ന ആവശ്യം. **(നടപടി. ലീഡ് ബാങ്ക് മാനേജർ)**

21. പെരുങ്കടവിള, ഓലത്താന്നി തുടങ്ങിയ സ്ഥലങ്ങളിൽ ദേശസാത്കൃത ബാങ്കിന്റെ എ.റ്റി.എം സ്ഥാപിക്കണമെന്ന ആവശ്യവും ഈ സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കണമെന്ന ആവശ്യം. **(നടപടി. ലീഡ് ബാങ്ക് മാനേജർ)**

22. സി.ആർ.എഫ് ഉപയോഗിച്ച് നവീകരണം നടക്കുന്ന തുടിച്ചക്കപ്ലാമൂട്, പഴയ ഉച്ചക്കട റോഡിൽ ഓട നിർമ്മാണം നടപ്പാത നിർമ്മാണം തുടങ്ങിയവയിൽ അളവ് കുറച്ചാണ് ചെയ്യുന്നതെന്ന് വ്യാപക പരാതി ഉയർന്നിട്ടുണ്ട്. പൊൻവിള ഭാഗത്ത് ഓടനിർമ്മാണം നടത്തിയിട്ടേയില്ല. ആയതിനാൽ ആവശ്യമുള്ള സ്ഥലങ്ങളിൽ ഓടയും നടപ്പാതയും നിർമ്മിക്കുവാനുള്ള നടപടി കെകൊള്ളണമെന്ന ആവശ്യം. **(നടപടി. ഇ.ഇ. പി.ഡബ്ല്യൂ.ഡി റോഡ്സ്)**

23. എം.പി ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ച അസെറ്റുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/യൂസർ ഏജൻസികൾ ടേക്ക് ഓവർ ചെയ്യുന്നുണ്ട് എന്ന് ഉറപ്പു വരുത്തണം. പ്രത്യേകിച്ച് ഹൈമാസ്റ്റ് ലൈറ്റ്, മിനിമാസ്റ്റ് ലൈറ്റ്, സോളാർ ലൈറ്റുകൾ തുടങ്ങിയവയുടെ കാര്യത്തിൽ ശ്രദ്ധിക്കണം. പലതിന്റെയും അറ്റകുറ്റപണികൾ മുടങ്ങിയിരിക്കുന്ന സാഹചര്യത്തിൽ അടിയന്തിരമായി ഇക്കാര്യം ശ്രദ്ധിക്കണം. **(നടപടി. സെക്രട്ടറി തിരുവനന്തപുരം കോർപ്പറേഷൻ, ഡെ.ഡയറക്ടർ, പഞ്ചായത്ത്)**

24. അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്, കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ ചൊവ്വര കനാലിനു സമീപം നെട്ടത്താണിയിൽ ഒരു കലുങ്ക് നിർമ്മിക്കുന്നതിന് എം.പി ഫണ്ട് അനുവദിച്ചിരുന്നു. ഈ പ്രവൃത്തിക്ക് മേജർ ഇറിഗേഷന്റെ അനുമതി അടിയന്തിരമായി ലഭ്യമാക്കണമെന്ന ആവശ്യം **(നടപടി. ഇ.ഇ മേജർ ഇറിഗേഷൻ)**

25. കടകംപളളി, കല്ലിയൂർ വില്ലേജ് ഓഫീസുകളിൽ എം.പി. ഫണ്ടിൽ നിന്ന് പുതിയ കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ചിരുന്നു. ആയതിനുള്ള അപ്കീപ്പ് & മെയിന്റനൻസ് സർട്ടിഫിക്കറ്റ് റവന്യൂ വകുപ്പിൽ നിന്ന് അടിയന്തിരമായി ലഭ്യമാക്കണമെന്ന ആവശ്യം. **(നടപടി. ജില്ലാ പ്ലാനിംഗ് ഓഫീസർ, ഡെ.കളക്ടർ (ജനറൽ))**

26. വേനൽ രൂക്ഷമാകുന്ന സാഹചര്യത്തിൽ അമ്പൂരി, വെള്ളറട തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിലും തീരപ്രദേശങ്ങളിലും കുടിവെള്ള ലഭ്യത ഉറപ്പു വരുത്തണമെന്ന ആവശ്യം. **(നടപടി. ഡെ.കളക്ടർ (ജനറൽ))**

**ബഹു. എം.എൽ.എ. ശ്രീ.കെ.മുരളീധരന്റെ പ്രതിനിധി അഡ്വ.ജപലാലൻ ഒളിവർ ഉന്നയിച്ച വിഷയങ്ങൾ**

27. പരുത്തിപ്പാറ അമ്പലമുക്ക് റോഡിന്റെ പൈപ്പ് ലൈൻ സ്ഥാപിച്ച സ്ഥലങ്ങളിൽ കോൺക്രീറ്റ്, ഇന്റർലോക്ക് എന്നിവ ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം. **(നടപടി. എക്സി.എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷൻ, ഇ.ഇ. പി.ഡബ്ല്യൂ.ഡി റോഡ്സ്)**

28. മുൻവർഷത്തെ പല ഫ്ളഡ് വർക്കുകളുടെയും ഭരണാനുമതി ലഭിച്ചിട്ടില്ലായെന്നും ബന്ധപ്പെട്ട വകുപ്പുകൾ എസ്റ്റിമേറ്റ് ഉടനടി സമർപ്പിക്കണമെന്നുമുള്ള ആവശ്യം. **(നടപടി. എക്സി.എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷൻ)**

29. കുലശേഖരം പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കലും പാലത്തിന്റെ നിർമ്മാണവും ത്വരിതപ്പെടുത്തണമെന്ന അവശ്യം. **(നടപടി. ഡെ.കളക്ടർ (എൽ.എ), ഇ.ഇ. പി.ഡബ്ല്യൂ.ഡി റോഡ്സ്)**

30. പേരൂർക്കട വഴയില റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഉദ്ഘാടനം നടത്തുന്നതിന് നടപടി നാളിതുവരെ സ്വീകരിച്ചിട്ടില്ല. അടിയന്തിരമായി ഉദ്ഘാടനം നിർവ്വഹിക്കണമെന്ന ആവശ്യം. **(നടപടി. ഇ.ഇ. പി.ഡബ്ല്യൂ.ഡി റോഡ്സ്)**

31. പട്ടം എൻ.എസ്.പി നഗർ ഓടയുടെ കലുങ്കിന്റെയും സ്ലാബിന്റെയും പണി അടിയന്തിരമായി പൂർത്തികരിക്കണമെന്ന ആവശ്യം. **(നടപടി. ഇ.ഇ. മൈനർ ഇറിഗേഷൻ)**

32. കാഞ്ഞിരംപാറ കാടുവെട്ടി സെക്രട്ടറിയേറ്റ് കോളനി ഡ്രെയിനേജ് വർക്ക് പൂർത്തീകരിക്കണമെന്ന ആവശ്യം. **(നടപടി. ഇ.ഇ. പി.ഡബ്ല്യൂ.ഡി സിവറേജ്)**

**ബഹു. എം.എൽ.എ ശ്രീ.ബി സത്യന്റെ പ്രതിനിധി എസ്. ആർ.രാജീവ് ഉന്നയിച്ച വിഷയങ്ങൾ**

33. എം.സി റോഡിൽ പൊരുന്തമൺ ഭാഗത്ത് വാഹനാപകടങ്ങളും ജീവഹാനിയും സ്ഥിരം സംഭവമാണ്. വേഗത നിരീക്ഷിക്കാൻ ക്യാമറ സ്ഥാപിച്ചിട്ടുണ്ടെങ്കിലും വേഗത നിയന്ത്രിക്കാൻ യാതൊരു സംവിധാനവും മോട്ടോർ വാഹനവകുപ്പോ റോഡ് സേഫ്റ്റി അതോറിറ്റിയോ ഇവിടെ സ്വീകരിച്ചിട്ടില്ല. അടിയന്തിരമായി ഇവിടെ വേഗത നിയന്ത്രണത്തിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം. **(നടപടി. ഇ.ഇ. കെ.എസ്.റ്റി.പി, സിറ്റി പോലീസ് കമ്മീഷണർ, ആർ.ടി.ഒ തിരുവനന്തപുരം)**

34. ആറ്റിങ്ങൽ പട്ടണത്തിൽ ദേശീയപാതയുടെ വീതി കൂട്ടുന്ന പദ്ധതി നടപ്പിൽ വരുത്തുന്നതിന് ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലായതിനാൽ കളക്ടർ ലഭിച്ച പരാതിയിന്മേൽ തീർപ്പ് കല്പിക്കുന്നതിന് ഹിയറിംഗ് ഉൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനും മീറ്റിംഗ് വിളിച്ചു ചേർക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന ആവശ്യം. **(നടപടി. ഡെ.കളക്ടർ(എൽ.ആർ), ഇ.ഇ. എൻ.എച്ച് ഡിവിഷൻ)**

35. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പുളിമാത്ത് കൃഷി ഭവൻ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം. **(നടപടി. പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ)**

**ജില്ലാ വികസന സമിതി ചെയർമാൻ ജില്ലാ കളക്ടർ ജില്ലാതല ഉദ്യോഗസ്ഥർക്ക് നൽകിയ പൊതുവായ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.**

1. നിയമസഭ തെരഞ്ഞെടുപ്പ് ആസന്നമായതിനാൽ പെരുമാറ്റ ചട്ടം നിലവിൽ വന്നതിന് ശേഷം പുതിയ പദ്ധതികൾക്ക് അംഗീകാരം നൽകാൻ കഴിയില്ല എന്നതിനാൽ വരും മാസങ്ങളിൽ ഉണ്ടാകാനിടയുള്ള ജലക്ഷാമവും വരൾച്ചയും നിയന്ത്രിക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കണമെന്നും ഇത് സംബന്ധിച്ച യോഗം അടിയന്തിരമായി വിളിച്ചു ചേർക്കണമെന്നുള്ള നിർദ്ദേശം **(നടപടി. ഡെ.കളക്ടർ (എൽ.ആർ)**
2. തീരപ്രദേശത്തെ പട്ടയവിതരണം അപാകതകൾ പരിഹരിച്ച് ത്വരിതപ്പെടുത്തുന്നതിന് ബന്ധപ്പെട്ട തഹസിൽദാർമാർ, സർവെ ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം അടിയന്തിരമായി വിളിച്ചു ചേർക്കണമെന്നുള്ള നിർദ്ദേശം **(നടപടി. ഡെ.കളക്ടർ (എൽ.ആർ))**

**4(1) ടുബാക്കോ ഫ്രീ കേരള (COTPA)**

കോട്പ നിയമപ്രകാരം പൊതുസ്ഥലങ്ങളിലെ പുകവലി നിരോധനം നടപ്പിലാക്കുന്നതിന് ജില്ലാതല ഉദ്യോഗസ്ഥർ സ്വീകരിച്ച നടപടികളുടെ അവലോകനം ജില്ലാവികസന സമിതി നടത്തി.

യോഗം 1.30 ന് പര്യവസാനിച്ചു.

(ഒപ്പ്)
**ജില്ലാ കളക്ടർ**

**ആജ്ഞാനുസരണം**
(ഒപ്പ്)
**ജില്ലാ പ്ലാനിംഗ് ഓഫീസർ**